## 15 -ാം കേരള നിയമസഭ

## 5 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5259** **21-07-2022 - ൽ മറുപടിയ്ക്ക്**

## പെരിന്തൽമണ്ണ ഗവ. പോളിടെക്നിക് കോളേജിലെ നിർമ്മാണ പ്രവൃത്തികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | പെരിന്തൽമണ്ണ ഗവ. പോളിടെക്നിക് കോളേജിന് സ്വന്തമായുള്ള ഭൂമിയുടെയും അതിൽ നിലവിൽ ഉപയോഗിച്ചുവരുന്ന ഭൂമിയുടെയും ഉപയോഗിക്കാതെ അവശേഷിക്കുന്ന ഭൂമിയുടെയും അളവ് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ; | (എ) | പെരിന്തൽമണ്ണ ഗവണ്മെന്റ് പോളിടെക്നിക്ക് കോളേജിന് സ്വന്തമായി 20 ഏക്കർ 19.9 സെന്റ് ഭൂമി ഉണ്ടായിരുന്നതിൽ ,1 ഏക്കർ 69.250 സെന്റ് ഭൂമി ഐ.എച്ച്.ആർ.ഡി ഹയർ സെക്കന്ററി ടെക്നിക്കൽ ഹൈസ്കൂളിന് കൈമാറിയിട്ടുണ്ട്. നിലവിൽ 18 ഏക്കർ 50.650 സെന്റ് ഭൂമി പെരിന്തൽമണ്ണ ഗവണ്മെന്റ് പോളിടെക്നിക്ക് കോളേജിനായി ഉണ്ട്. ഇതിൽ ഉപയോഗിക്കാതെ അവശേഷിക്കുന്ന ഭൂമിയില്ല. |
| (ബി) | പ്രസ്തുത കോളേജിൽ നിലവിൽ നടന്നുവരുന്നതോ നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുള്ളതോ ആയ നിർമ്മാണ പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ; അതിൽ അടിയന്തരപ്രാധാന്യത്തോടെ നടപ്പിലാക്കുവാൻ അവശേഷിക്കുന്ന പ്രവൃത്തികൾ ഏതെല്ലാമാണെന്നാണ് വകുപ്പ് വിലയിരുത്തിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ? | (ബി) | പെരിന്തൽമണ്ണ ഗവണ്മെന്റ് പോളിടെക്നിക്ക് കോളേജിൽ നിലവിൽ നടന്നു വരുന്നതും,നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളതുമായ പ്രവർത്തന ങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:<br><br>(i)പെരിന്തൽമണ്ണ ഗവണ്മെന്റ് പോളിടെക്നിക്ക് കോളേജിൽ പുതിയ ഇലക്ട്രോണിക്സ് ബ്ലോക്ക് നിർമ്മിക്കുന്നതിലേക്കായി M/s.KEL -ൽ നിന്നും ലഭിച്ച 8,00,85,000/- രൂപയുടെ പ്രൊപ്പോസൽ നബാർഡ്-ആർ.ഐ ഡി.എഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കുന്നതിലേക്കായി പ്രൊപ്പോസൽ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കുകയും, എന്നാൽ, DSR 2018 നിലവിൽ വന്നതിനാലും, നബാർഡ്-ആർ ഐ ഡി എഫ് പദ്ധതിയിൽ ഉൾപ്പെടുത്തേണ്ട പ്രൊഫോർമ സഹിതം പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിക്കുവാൻ സർക്കാരിൽ നിന്നും സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദേശം നൽകിയിരുന്നു.അപ്രകാരം, പുതുക്കിയ എസ്റ്റിമേറ്റ് നൽകുന്നതിന് പൊതുമരാമത്ത് വകുപ്പിനോട് ആവശ്യപ്പെട്ടിരിക്കുന്നു.<br><br>(ii)ബോയ്സ് ഹോസ്റ്റൽ നിർമ്മിക്കാനുള്ള എസ്റ്റിമേറ്റിനായി പൊതുമരാമത്ത് വകുപ്പിനെ സമീപിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | (iii)പുതിയ ടോയ്ലറ്റ് ബ്ലോക്ക് നിർമ്മിക്കുന്നതിന് 23 ലക്ഷം രൂപ (capital head) അനുമതി നൽകി ഉത്തരവായിട്ടുണ്ട്.<br><br>(iv)പുതുതായി നിർമ്മിച്ച ലേഡീസ് ഹോസ്റ്റലിൽ ഡ്രൈയിംഗ് ഏരിയ നിർമ്മിക്കുന്നതിന് 25,41,914/- രൂപ അനുമതി നൽകി ഉത്തരവായിട്ടുണ്ട്.<br><br>(v)ലൈബ്രറി ബിൽഡിങ്ങിനു ഒന്നാം നില നിർമ്മിക്കുന്നതിന് 43.77 ലക്ഷം രൂപ അനുമതി നൽകി ഉത്തരവായിട്ടുണ്ട്.<br><br>(vi)ചുറ്റുമതിൽ നിർമ്മാണത്തിന് 23.30ലക്ഷം രൂപ അനുമതി നൽകി ഉത്തരവായിട്ടുണ്ട് .<br><br>(vii)റിംഗ് റോഡ് നിർമ്മാണം 10.50 ലക്ഷം രൂപ അനുമതി നൽകി ഉത്തരവായിട്ടുണ്ട്.<br><br>(viii)മെയിൻ ഗേറ്റിനു സമീപം പാർക്കിങ് ഏരിയ നിർമ്മിക്കുന്നതിന് 5.94 ലക്ഷം രൂപ അനുമതി നൽകി ഉത്തരവായിട്ടുണ്ട്.<br><br>എല്ലാ പ്രവർത്തികളും അടിയന്തിര പ്രാധാന്യത്തോടെ പൂർത്തിയാക്കാൻ ലക്ഷ്യമിടുന്നു. |

സെക്ഷൻ ഓഫീസർ